**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2386** | **30-09-2025 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗുണനിലവാരമില്ലാത്ത രോഗവാഹകരായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതുമൂലം കുടുംബശ്രീ വഴി നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കുടുംബശ്രീ കേരള ചിക്കൻ പദ്ധതികളിൽ ഒരു വർഷം ഏകദേശം 78 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ ഫാം നടത്തിപ്പിനായി വാങ്ങുന്നുണ്ട്. കേരള ചിക്കൻ കർഷകർക്ക് ഉന്നത നിലവാരത്തിലുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനു വേണ്ടി VENCOBB 430 Y എന്ന ബ്രീഡ് കുഞ്ഞുങ്ങളായിരിക്കണം , ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ ഭാരം 45 ഗ്രാമിന് മുകളിലായിരിക്കണം എന്നുള്ള കർശന നിർദ്ദേശം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന വെണ്ടർമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായും, ബ്രീഡർ സ്റ്റോക്ക് അനുസരിച്ചും കോഴിക്കുഞ്ഞിന്റെ ഗുണനിലവാരത്തിൽ വ്യതിയാനം ഉണ്ടാവാം. ഇത് മൂലം കൂടുതൽ സാമ്പത്തിക നഷ്ടം കമ്പനിയ്ക്കാണ് ഉണ്ടാകാറുള്ളത്. ഗുണ നിലവാരത്തിൽ അപാകതകൾ ഉണ്ടാകുന്ന അവസരങ്ങളിൽ വെണ്ടറിനോട് ബ്രീഡർ സ്റ്റോക്ക് മാറ്റി ഗുണ നിലവാരമുള്ള കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകാറുണ്ട്. എന്നാൽ കർഷകർക്ക് കൂടുതൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അവരുടെ ഫാം പരിപാലനത്തിലുള്ള വീഴ്ച കാരണമാണ്. കോഴിക്കുഞ്ഞുങ്ങൾക്ക് ഇ കോളി, ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾ ഫാം പരിപാലനത്തിലുള്ള വീഴ്ച കാരണം പിടിപെടുകയും മരണനിരക്ക് ഉയരുകയും ചെയ്യും. ആയത് പരിഹരിക്കുന്നതിന് വേണ്ടി ജില്ലാ അടിസ്ഥാനത്തിൽ കർഷകർക്ക് നിലവിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്ന് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കേരള ചിക്കൻ പദ്ധതിയിലേയ്ക്ക് വിതരണം | (ബി) | വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്ന് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കേരള ചിക്കൻ പദ്ധതിയിലേയ്ക്ക് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | | കോഴിക്കുഞ്ഞുങ്ങളുടെ വില ദിനം പ്രതി മാറുന്നത് കാരണം ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ പല വിതരണക്കാരും തയ്യാറാകുന്നില്ല എന്നത് വെല്ലുവിളിയാണ്. |
| (സി) | കേരള ചിക്കൻ പദ്ധതി തുടങ്ങിയ കാലം മുതൽ കോഴിക്കുഞ്ഞുങ്ങളുടെ വളർത്തുകൂലി ഇനത്തിൽ നൽകിവരുന്ന പതിമൂന്ന് രൂപ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | 2024 ജൂൺവരെ കർഷകർക്ക് കിട്ടിയിരുന്ന മിനിമം വളർത്തുകൂലി ഒരു കിലോയ്ക്ക് 2 രൂപ ആയിരുന്നു. ആയത് 2024 ജൂലൈ മാസത്തിൽ ഒരു കിലോയ്ക്ക് 6 രൂപയായി ഉയർത്തിയിരുന്നു. നിലവിൽ കമ്പനി നൽകുന്ന പരമാവധി വളർത്തുകൂലിയായ ഒരു കിലോയ്ക്ക് 13 രൂപയെന്നത് മാർക്കറ്റിലെ ഏറ്റവും ഉയർന്ന വളർത്തു കൂലിയാണ്. മറ്റ് പ്രൈവറ്റ് ഇന്റഗ്രേറ്റർമാർ നൽകുന്ന പരമാവധി വളർത്തുകൂലി 7 മുതൽ 10 രൂപയാണ്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ വളർത്തു കൂലി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. |
| (ഡി) | കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ ഒരു കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ